| **കാക്ക – വൈലോപ്പിള്ളി ശ്രീധരമേനോൻ** | काकी - **(**कवितायाः संस्कृतानुवादः**)**शङ्करनारायणः |
| --- | --- |
| കൂരിരുട്ടിന്റെ കിടാത്തിയെന്നാൽ<br>സൂര്യപ്രകാശത്തിന്നുറ്റ തോഴി<br>ചീത്തകൾ കൊത്തി വലിക്കുകിലും<br>ഏറ്റവും വൃത്തി വെടിപ്പെഴുന്നോൾ<br>കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും<br>കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ<br>പൊന്നും പുലരിയുണർന്നെണീറ്റ്<br>ചെന്നു കിഴക്കു തീ പൂട്ടിടുമ്പോൾ<br>കാളുന്ന വാനത്തു നാളികേര-<br>പൂളൊന്നു വാടി കിടന്നിടുമ്പോൾ<br>മുത്തൊക്കുമത്താഴവറ്റ് വാനിൻ<br>മുറ്റത്തു ചിന്നിയടിഞ്ഞിടുമ്പോൾ<br>കേൾക്കാം പുളിമരക്കൊമ്പിൽ നിന്നും<br>കാക്ക കരഞ്ഞിടും താരനാദം<br>ആരാണുറങ്ങുന്ന,തേൽക്കുകെന്നായ്<br>കാരണവത്തി തന്നുക്തി പോലെ<br>പാടി കളിക്കട്ടെ നാലുകെട്ടിൽ<br>മാടത്ത തത്ത കുയിൽ പിറാക്കൾ<br>ഉൾപ്രിയമെങ്കിലും ഗേഹലക്ഷ്മി-<br>ക്കെ,പ്പൊഴും കാക്കയോടെന്നു ഞായം<br>ഉള്ളിൽ അടുപ്പത്തു മൺകലത്തിൽ<br>നല്ലരി തെള്ളിയായ് തുള്ളിടുമ്പോൾ<br>മേലേ മധുരക്കിഴങ്ങുവള്ളി<br>പോലെ പുക പടർന്നാടിടുമ്പോൾ<br>അങ്ങാശ്ശു കോലായിലമ്മ ചോറിൻ<br>ചങ്ങാതിമാരെ ചമച്ചിടുമ്പോൾ<br>ആഞ്ഞുതിമിർക്കുമൊരുണ്ണി മണ്ണിൽ<br>ഞാഞ്ഞൂളുമായ് പട വെട്ടിടുമ്പോൾ<br>ചോടുകൾ വെച്ച് ചെരിച്ചു നോക്കി<br>ച്ചൂടെഴും പൂട ചൊറിഞ്ഞു വീഴ്ത്തി<br>നീട്ടി വിളംബരം ചെയ്‌വൂ കാക്ക<br>നാട്ടിൻപുറത്തെ കുടുംബസൗഖ്യം! | घोरान्घकारस्य पुत्री सैषा<br>सूर्यप्रकाशस्य हृद्या   सखी ।<br>मालिन्यपाटनादक्षा सा तु<br>दीक्षिता नित्यशुचित्वे लोला।<br>काकीयमस्सासु स्निग्धा किन्तु<br>स्वातन्त्यपालनशोण्डा नित्यम्।<br>सुप्तोत्थितायामुषागृहेश्यां<br>प्राचीमहानसे पाचयन्त्यां<br>कालिमाकाशस्थनालिकेर -<br>बालखण्डे परिम्लाने जाते<br>ह्यस्तनभोज्यपुलाककल्पैः<br>मुक्तोपमोडुपै व्याप्तेऽ थ खे<br>तिन्तिणीशखास्थितायाः काक्याः<br>श्रोष्यसि तारगभीरनादम्<br>'कः निद्रातीदानीं जागृही'ति<br>मातामहीवचनोपमं तत् ।<br>गायन्तु खेलन्तु वा यथेष्टम्<br>पारावातशुककीराः गेहे<br>सर्वथा गेहलक्ष्म्याः प्रियैषा<br>संस्कारशीलवतीयं काकी<br>मृत्घटे   शालिनः पाकगेहे<br>सोत्तापं कूर्दन्ति यस्मिन् काले<br>ऊर्ध्व मधुरभूकन्दवल्ली-<br>कल्पासु घूमवेणीषु सत्सु<br>तत्र महानसे f म्बायां भोज्य -<br>मित्ररचनसक्तायां सत्याम्<br>अर्भके सामोदं भूकृमी भिः<br>लीलया खेलनव्यग्रे सति<br>नर्तयित्वा च कटाक्षयित्वा<br>स्वं पक्षं भूमौ निपात्य चैव<br>उच्चैस्तरं घुष्यत्येव काकी<br>स्वच्छग्रामीणकुटुम्बसौख्यम् । |

| | |
|---|---|
| ചേലുകൾ നോക്കുവോളല്ല നാനാ<br>വേലകൾ ചെയ്യുവോൾ ഇക്കിടാത്തി<br>ലോലമായ് മൂവിതളുള്ള നീല<br>കാലടിയെങ്ങു പതിഞ്ഞിടുന്നോ<br>ആ നിലമൊക്കെയും ശുദ്ധിയേൽപ്പൂ<br>ചാണകവെള്ളം തളിച്ച പോലെ | चारुतां नेक्षते सा तु नाना<br>कार्यकरणसमर्था बाला<br>लोलौ तु त्र्यङ्गुलीकौ च नीलौ<br>पादौ तु स्पर्शं कुरुतः यत्र<br>तत्स्थलं सर्वथा शुद्धिमेयात्<br>गोमयतीर्थविशुद्धभूवत्। |
| പാരിൽ അഴുക്കു പെടുന്ന മുക്കിൽ<br>ചാടി പുഴുക്കൾ കടന്ന ദിക്കിൽ<br>വേലക്കു ചെന്നു മിനക്കെടുത്തും<br>നീലപുലക്കള്ളിയല്ലീ കാക്ക! | यत्र धूलीसमाकीर्णं भूमौ<br>यत्र तु कीटाः चरन्ति स्वेच्छं<br>तत्र समेत्य करोति शुद्धिम्<br>मित्रं ह्येषापुलिन्देशकन्या |
| ലോകാഭിരാമമാണിത്തിരക്കിൽ<br>സ്നേഹാധികാരശകാരഘോഷം ! | लोकाभिरामं नु हन्त पश्य<br>तस्यास्तु  वात्सल्यजल्पघोषः। |
| പച്ചമുരുക്കിന്റെ ചില്ല തോറും<br>പത്മരാഗങ്ങൾ വിളഞ്ഞിടുമ്പോൾ<br>കുത്തടിപ്പൂ തേൻ കുടിച്ചു കാക്ക<br>പൂത്തിരുവാതിര പെണ്ണു പോലെ!<br>ആണിനെ കൊത്തി ചൊറിഞ്ഞിടുന്നു<br>നാണമാർന്നൂളിയിട്ടോടിടുന്നു<br>ഉച്ചലൽപ്പീലിവിശറിയാലേ<br>മച്ചിലെ ദീപമണച്ചിടുന്നു<br>എന്തു കുഴഞ്ഞാട്ട,മെന്തു നോട്ട-<br>മെന്തു പരിഭവ,മെന്തൊരിഷ്ടം! | पारिभद्राया हरितशीर्षे<br>पद्मरागालङ्कृते समये<br>समोदं पुष्पासवं निपीय<br>खेलति तृप्ता नारीव काकी।<br>स्वीयकान्तं मृदु कण्डूयति।<br>ह्रीयुता सा पुनः तूष्णीका च।<br>हृद्या ते लज्जा च ईक्षणं च !<br>वद्यं त्वदिष्टम् परिभवश्च !<br>उच्चलत्पक्षव्यजनद्वये-<br>नोच्चस्थदीपं निर्वापयति। |
| വേലക്കു നിൽക്കും കറുത്ത പെണ്ണേ<br>കേളിക്കു നിന്നെയാർ കേമിയാക്കി ?<br>കൂവലിലാരു മധു കലർത്തി ?<br>തൂവലിൽ ചാരുമണം വളർത്തി?<br>താമസപിണ്ഡത്തിനുള്ളിലാരോ<br>താമരപ്പൂവു വിടർത്തി നിർത്തീ ? | कर्मकारी त्वं हि काली कन्या<br>केन वा त्वां निपुणामकारि ?<br>कूजने को मधुं सिञ्चति स्म ?<br>पक्षद्वये कः लिलेप गन्धम् ?<br>तामसपिण्डस्य अन्तरङ्गे<br>तामरससुमं कश्चकार ? |

Translated by -
Sankaranarayanan.A HSST (Sanskrit) Govt Sanskrit HSS Thripunithura
E Mail – sankarjikodakara@gmail.comphone - 9744780455